യാഥാസ്ഥിതികനെന്ന മുദ്രകുത്തലിൽ അഭിമാനം

വിശ്വാസങ്ങൾ മറച്ചുവെക്കില്ല

"താത്ക്കാലിക നേട്ടങ്ങൾക്കും സമൂഹത്തിലെ പ്രതിച്ഛായയ്ക്കും വേണ്ടി വിശ്വാസങ്ങളെ ബലികഴിക്കാനോ ഇരട്ടത്താപ്പ് കാണിക്കാനോ ഞങ്ങൾ തയാറല്ല" - കാന്തപുരം പറയുന്നു

■ എ. ജെ. ജയറാം



കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ
ഫോട്ടോ: രാജീവ്പ്രസാദ്

മുസ്ലിങ്ങൾക്കിടയിലെ സുന്നികളുടെ വിശ്വാസാചാരങ്ങളിലൂടെയാണ് കേരളത്തിലെ സാംസ്കാരിക പാരമ്പര്യങ്ങളോടും ചരിത്രങ്ങളോടും ചേർന്ന് നിന്നുകൊണ്ടുള്ള ജനകീയ ഇസ്ലാമിനെ (പോപ്പുലർ ഇസ്ലാം) മലയാളികൾ പരിചയപ്പെട്ടത്. ഇസ്ലാമിന്റെ ഈ ജനകീയ മുഖം അവതരിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായ പരമ്പരാഗത മുസ്ലിം പണ്ഡിതരുടെ ഒരു കൂട്ടായ്മയെ പ്രതിനിധീകരിക്കുന്ന മതപണ്ഡിതനാണ് കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ. തന്റെ നിലപാടുകളെ അവതരിപ്പിക്കുന്നതിൽ വിട്ടുവീഴ്ചക്ക് തയാറില്ലാത്ത ഈ മുസ്ലിം നേതാവ്, യാഥാസ്ഥിതികനെന്ന് പലരും ആക്ഷേപിച്ച് വിളിക്കാറുള്ള പേര് ഒരഭിമാന ചിഹ്നമാണെന്നാണ് വിശ്വസിക്കുന്നത്.

മുസ്ലിങ്ങളുടെ അന്തർദേശീയ ബന്ധങ്ങളെ മതത്തിനകത്തെ 'റാഡിക്കലൈസേഷനു'വേണ്ടി ഉപയോഗപ്പെടുത്തുന്നു എന്ന ആരോപണം ശക്തമായി നിലനിൽക്കുന്ന സമയത്ത്, തന്റെ അന്തർദേശീയ ബന്ധങ്ങളെ മുസ്ലിങ്ങളെ മുഖ്യധാരയുമായി ബന്ധിപ്പിക്കാനുള്ള അവസരമായി ഉപയോഗിക്കുന്ന ഈ പണ്ഡിതൻ, വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ മാത്രം ഇടപെടാറുള്ള മത നേതാക്കൾക്ക് ഒരപവാദമാണ്.

സമകാലിക സാഹചര്യങ്ങളിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് സുന്നികളുടെ നിലപാട് വ്യക്തമാക്കുകയാണ് കാന്തപുരം.

മുസ്ലിം മത സംഘടനകളുടെയോ നേതാക്കളുടെയോ മുൻകൈയിലാണ് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഏറ്റവുമധികം രാഷ്ട്രീയ സംഘടനകൾ രൂപം കൊണ്ടത്. നിലപാടുകളിലും പ്രവർത്തനങ്ങളിലും 'റാഡിക്കൽ' സ്വഭാവം പുലർത്തുന്ന ജമാഅത്തെ ഇസ്ലാമിയുടെ വെൽഫെയർ പാർട്ടി, എൻ.ഡി.എഫിന്റെ എസ്.ഡി.പി.ഐ. എന്നിവ ഉദാഹരണം. തീവ്രവാദ ആരോപണങ്ങൾ നേരിടുന്ന സംഘടനകളൊക്കെയും ജനാധിപത്യപരമായ മാർഗങ്ങൾ സ്വീകരിച്ച് മുഖ്യധാരയിൽ എത്താനുള്ള പരിശ്രമങ്ങളിലാണ്. ആഗോള തലത്തിലും സ്ഥിതിഗതികൾ വ്യത്യസ്തമല്ല. ഈജിപ്തിൽ ബ്രദർഹുഡ് തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ഭൂരിപക്ഷം നേടുകയും ചെയ്തു. അപ്പോഴും ജനകീയ ഇസ്ലാം എന്ന് പൊതുവേ വിവക്ഷിക്കപ്പെടാറുള്ള സുന്നി മുസ്ലിങ്ങളുടെ സംഘടനകളും മതപണ്ഡിതന്മാരും ഇത്തരം ജനാധിപത്യ പരീക്ഷണങ്ങളോട് താല്പര്യമില്ലായ്മ തുടരുകയാണ്. ഇതെന്തുകൊണ്ടാണ്?

ജനാധിപത്യത്തെയും ഇന്ത്യൻ

മതേതരത്വത്തെയും കുറിച്ച് സുന്നികൾ പറഞ്ഞ നിലപാടുകളിലേക്ക് ജമാഅത്ത് പോലുള്ള സംഘടനകൾക്ക് എത്തേണ്ടി വന്നു എന്നത് നല്ല കാര്യം തന്നെയാണ്. ജനാധിപത്യ സർക്കാരും സർക്കാർ സ്ഥാപനങ്ങളും ഹറാമാണ് (നിഷിദ്ധമാണ്) എന്നും മതേതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കരുത് എന്നുമുള്ള വിശ്വാസത്തിൽനിന്ന് അവർ മാറിയല്ലോ?

അതേസമയം, ഇന്ത്യയുടേത് പോലുള്ള സാഹചര്യങ്ങളിൽ മത സംഘടനകൾ കക്ഷിരാഷ്ട്രീയത്തിൽ ഇടപെടുന്നത് ശരിയല്ല എന്നാണ് ഞങ്ങളുടെ നിലപാട്. മതത്തെയും രാഷ്ട്രീയത്തെയും സംബന്ധിച്ചു ഒരുപാട് തെറ്റിദ്ധാരണകൾക്ക് അത് വഴിവെക്കും. അപ്പോൾ മതത്തെ രാഷ്ട്രീയത്തിന് വേണ്ടിയും തിരിച്ചും ദുരുപയോഗം ചെയ്യാനുള്ള സാദ്ധ്യത കൂടും. ബി.ജെ.പിയെ ഒക്കെ മുസ്ലിങ്ങൾ എതിർക്കാനുള്ള പ്രധാനപ്പെട്ട ഒരു കാരണം അവർ ഇവിടുത്തെ ഹൈന്ദവരുടെ മതവികാരത്തെ ചൂഷണം ചെയ്യുന്നു എന്നതാണല്ലോ? അപ്പോൾ അത്തരം വിമർശനങ്ങൾ ഉന്നയിക്കുന്ന മത സംഘടനകൾ തന്നെ രാഷ്ട്രീയ പാർട്ടികൾ ഉണ്ടാക്കുന്നത് അവരുടെ വിമർശനത്തിന്റെ സത്യസന്ധത ചോദ്യം ചെയ്യപ്പെടാൻ ഇടയാക്കും. മുസ്ലിങ്ങൾക്ക് അനുകൂലമായ ഒരു സ്ഥിതിവിശേഷമായിരിക്കില്ല അതുണ്ടാക്കുക എന്നാണ് ഇതുവരെയുള്ള അനുഭവത്തിൽ നിന്ന് മനസ്സിലാകുന്നത്. നമ്മുടെ മതേതര പാരമ്പര്യത്തിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ അത് ഉണ്ടാക്കിവെക്കുകയും ചെയ്യും.

അരിവാൾ സുന്നികൾ എന്ന വിളിപ്പേര്

അപ്പോൾ മുസ്ലിംലീഗോ?

മുസ്ലിംലീഗ് മതസംഘടനയായി ആരംഭിച്ച ഒന്നല്ല; അതിന്റെ തുടക്കം തന്നെ രാഷ്ട്രീയപാർട്ടിയായിട്ടാണ്. മുസ്ലിങ്ങളുടെ മതപരവും ആത്മീയവുമായ ജീവിതമായിരുന്നില്ല അവരുടെ പ്രവർത്തന മണ്ഡലം. അവരുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലാണ്. ജിന്നയെ പോലുള്ള അതിന്റെ സ്ഥാപക നേതാക്കൾക്ക് മതത്തേക്കാളേറെ മതേതരത്വത്തോടായിരുന്നു കൂറ്.

അത് വിഭജനത്തിനു മുമ്പുള്ള ലീഗിന്റെ ചരിത്രം. വിഭജനാനന്തര ലീഗിന്റെ ചരിത്രം മറ്റൊന്നല്ലേ?

മുസ്ലിംലീഗ് എപ്പോഴും ഒരു രാഷ്ട്രീയപാർട്ടി ആയിരുന്നു. മുസ്ലിങ്ങളാണ് അതിൽ ഉള്ളത് എന്നത് അതിനെ ഒരിക്കലും ഒരു മതസംഘടനയാക്കുന്നില്ല. മുസ്ലിങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുസ്ലിം പൊതു വികാരത്തിനു എതിരായ തീരുമാനങ്ങളും ലീഗ് എടുത്തിട്ടുണ്ട്. മുസ്ലിംകൾക്ക് സ്വന്തമായി ഒരു രാജ്യം തന്നെ വേണം എന്നതായിരുന്നു മുസ്‌ലിംലീഗിന്റെ പ്രധാന ആവശ്യങ്ങളിലൊന്ന്. ഒരാൾക്ക് മുസ്ലിം വിശ്വാസി ആയി ജീവിക്കാൻ ഭരണകൂടം കൂടിയേ തീരൂ എന്ന ആവശ്യം മതപരമായി തന്നെ തെറ്റായ ഒരാശയമാണ്.

പക്ഷേ, മുസ്ലിങ്ങളുടെ മതവികാരം ഉപയോഗപ്പെടുത്തിയുള്ള പ്രചാരണങ്ങൾ ലീഗ് പലപ്പോഴും നടത്താറുണ്ടല്ലോ?

മതവികാരങ്ങൾ ദുരുപയോഗം ചെയ്യുന്നത് ആരാണെങ്കിലും എതിർക്കപ്പെടേണ്ടതാണ്.

വിശ്വാസപരമായി ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ചും സി.പി.ഐ.എമ്മിന്റെ നിലപാടുകൾക്കെതിരാണ് സുന്നികളുടെ വിശ്വാസ പ്രമാണങ്ങൾ. എന്നിട്ടും അരിവാൾ സുന്നികൾ എന്നാണ് സുന്നികൾ അറിയപ്പെടുന്നത്. ഇതെന്തുകൊണ്ടാണ്?

ആശയപരമായി കമ്യൂണിസ്റ്റ് നയങ്ങളോട് യോജിപ്പുള്ളവരല്ല ഞങ്ങൾ. പക്ഷേ, കേരളത്തിലെ സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റുകളുൾപ്പടെയുള്ള രാഷ്ട്രീയ കക്ഷികൾ മതസംഘടനകളോട് എതിർത്തു നിന്നുകൊണ്ടുള്ള ഒരു നിലപാട് എടുക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല.

സമസ്ത കേരള സുന്നിയുവജന സംഘം എറണാകുളത്ത് 1989-ൽ സമ്മേളനം പ്രഖ്യാപിച്ചു. മുസ്ലിംലീഗ് സമ്മേളനത്തിനെതിരെ നിലപാടെടുക്കുകയും സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. പക്ഷേ, സമ്മേളനം വളരെ നന്നായി നടന്നു. കേരളത്തിലെ സുന്നി സംഘടനകളുടെ കരുത്തറിയിക്കുന്നതായിരുന്നു ആ സമ്മേളനം. ഇതോടെ സംസ്ഥാനത്തിന്റെ പലഭാഗത്തും ഞങ്ങളുടെ പ്രവർത്തകരെയും സ്ഥാപനത്തെയും മുസ്ലിംലീഗുകാർ അക്രമിക്കുന്ന സ്ഥിതിയുണ്ടായി. അക്കാലത്ത് പലയിടങ്ങളിലും സി.പി.ഐ.എമ്മുകാർ ഞങ്ങളുടെ പ്രവർത്തകർക്ക് സഹായങ്ങൾ നൽകി. കേരളത്തിലെ രാഷ്ട്രീയ സാഹചര്യത്തിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന ഒരു സ്ഥിതി വിശേഷമായിരുന്നു അത്. അത്തരമൊരു സാഹചര്യത്തിലാണ് നിങ്ങളീ പറഞ്ഞ അരിവാൾ സുന്നി എന്ന വാക്ക് ഉണ്ടായത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് ബന്ധം ആരോപിച്ചു ഞങ്ങൾക്കെതിരെ പ്രചാരണം നടത്താൻ ഞങ്ങളുടെ ആദർശ ശത്രുക്കൾ ഉണ്ടാക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത വാക്കാണ് അത്. അതിന്മേൽ ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല. പക്ഷേ, ആ നിർണായക ഘട്ടത്തിൽ ഇടതുപക്ഷം ഞങ്ങളെ സഹായിച്ചിരുന്നു എന്ന വസ്തുത നിഷേധിക്കുന്നുമില്ല.

അങ്ങനെ സഹായിച്ചവരെ തിരിച്ചും സഹായിച്ചിരുന്നോ?

ഞങ്ങളെ സഹായിക്കുന്നവരെ തിരിച്ചും സഹായിക്കുക എന്നതാണ് ഞങ്ങളുടെ നിലപാട്.

ഇതൊരു അയഞ്ഞതും സ്വാർത്ഥതനിറഞ്ഞതുമായ നിലപാടല്ലേ?

സുന്നി സംഘടനകൾക്ക് ഒരു നിലപാടുണ്ട്. സാമൂഹികപ്രശ്നങ്ങളെ കുറിച്ചും രാജ്യത്തിന്റെ ഭാവിയെക്കുറിച്ചും വ്യക്തമായ അഭിപ്രായങ്ങളെ മുൻനിർത്തിയുള്ള ഭരണഘടനയും പ്രവർത്തന പദ്ധതികളുമാണ് ഞങ്ങൾ സ്വീകരിച്ചു പോരുന്നത്. ആ നിലപാടുകളെയും അഭിപ്രായങ്ങളെയും പിന്തുണക്കുന്നവരെ സഹായിക്കുന്നതിൽ എന്താണ് തെറ്റ്? ഈ സഹായം ഒരാശയത്തിന്റെയും നിലപാടിന്റെയും അടിസ്ഥാനത്തിലാണ്. അല്ലാതെ ഞങ്ങൾക്ക് എന്തെങ്കിലും വ്യക്തിപരമായ കാര്യലാഭങ്ങൾ ചെയ്തു തരുന്നവരെ സഹായിക്കും എന്നല്ല അതിനർത്ഥം.

ഇടതുപക്ഷം നിങ്ങളുടെ നിലപാടുകളെയും പിന്തുണച്ചിരുന്നുവെന്നാണോ?

ഒരു പ്രസ്ഥാനത്തിന്റെ നിലപാടുകൾ പ്രചരിപ്പിക്കാനും നടപ്പിലാക്കാനും ആവശ്യമായ സാഹചര്യം ഉണ്ടാക്കിയെടുക്കാൻ സഹായിക്കലും നിലപാടുകളോടുള്ള പിന്തുണയുടെ

ഭാഗമായിരിക്കുമല്ലോ?

മുസ്ലിംലീഗ് നിങ്ങളെ സഹായിച്ചിട്ടുണ്ടോ?

എറണാകുളം സമ്മേളനത്തിനെതിരെ എടുത്ത തീരുമാനം തെറ്റായിരുന്നു എന്നു ലീഗിന് തന്നെ ബോധ്യപ്പെട്ടു എന്നാണ് അവരുടെ ഇപ്പോഴത്തെ നിലപാടുകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

കേരളത്തിലെ പൊതുസമൂഹത്തിനു മുമ്പിൽ ഇസ്ലാം പരിഹസിക്കപ്പെടാൻ കാന്തപുരത്തിന്റെ നിലപാടുകൾ കാരണമാകുന്നു എന്നാണ് മതത്തിനകത്ത് തന്നെയുള്ള താങ്കളുടെ വിമർശകർ ഉന്നയിക്കുന്ന ഒരാരോപണം?

കേരളത്തിലെ ചില മുസ്ലിം സംഘടനകളുടെയും നേതാക്കളുടെയും ഒരു പ്രത്യേകത അവർ പലപ്പോഴും പൊതുസമൂഹത്തിന്റെ പിന്തുണയും ആശീർവാദവും കിട്ടാൻ വേണ്ടി അവരുടെ വിശ്വാസ നിലപാടുകൾ മറച്ചുവച്ചാണ് സംസാരിക്കാറുള്ളത് എന്നുള്ളതാണ്. വഹാബികളുടെയും ജമാഅത്തുകാരുടെയും നിലപാടുകൾ നോക്കൂ. മുസ്ലിം സ്ത്രീകളെ രക്ഷപ്പെടുത്തി എന്ന മട്ടിലാണ് അവരുടെ പ്രചാരങ്ങൾ. അത് കേട്ടാൽ തോന്നും ഇവരുടെ പള്ളികളിലും സ്ഥാപനങ്ങളിലും വേദികളിലുമെല്ലാം സ്ത്രീകൾ വലിയ വിമോചനമാണ് അനുഭവിക്കുന്നത് എന്ന്. എന്തുകൊണ്ട് സ്ത്രീകളെ കൊണ്ട് നിസ്കാരത്തിനുള്ള ബാങ്ക് കൊടുപ്പിക്കാത്തത് എന്നും നിസ്കാരത്തിനു ഇമാം ആക്കാത്തത് എന്നും ജുമുഅ ഖുതുബ നടത്തിക്കാത്തതു എന്നും ആരെങ്കിലും ചോദിക്കണം. അപ്പോൾ അറിയാം ഈ സ്ത്രീ വിമോചകരുടെ ഉള്ളുകളി. ആണുങ്ങളുടെ നിർബന്ധത്തിനു പള്ളിയിൽ പോവുകയും തിരിച്ചെത്തിയ ഉടനെ വീട്ടിലെത്തി ആണുങ്ങൾക്ക് കൃത്യസമയത്ത് ഭക്ഷണം ഉണ്ടാക്കാൻ പാടുപെടുകയും ചെയ്യുകയാണ് ഈ സ്ത്രീകൾ. ഞങ്ങളുടെയൊക്കെ വീടുകളിൽ സ്ത്രീകൾക്ക് വീട്ടിലെ കാര്യമേ നോക്കേണ്ടതുള്ളൂ. പള്ളിയിലെ കാര്യങ്ങൾ നോക്കേണ്ടതില്ല. അത്രയും സ്വതന്ത്രരാണവർ.

സ്ത്രീകളുടെ പൊതു ഇടപാടുകളെക്കുറിച്ച് ഞങ്ങളുടെ ആശയങ്ങളോട് അടുത്തു നിൽക്കുന്ന നിലപാടാണ്



സൽമാൻ റുഷ്ദി

മൗദൂദി അദ്ദേഹത്തിന്റെ പർദ എന്ന കിതാബിൽ അവതരിപ്പിക്കുന്നത്. പക്ഷേ, ജമാഅത്തെ ഇസ്ലാമി പല പുസ്തകങ്ങളും വിവർത്തനം ചെയ്തിട്ടും ഈ പുസ്തകം മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടില്ല. ഇതൊരുതരം ഒളിച്ചോട്ടമാണ്. ഞങ്ങളെക്കുറിച്ച് മറ്റുള്ളവർ എന്തുവിചാരിക്കും എന്ന പേടി. ഉറുക്കും മന്ത്രവും നടത്തി വരുമാനം ഉണ്ടാക്കുന്നവർ പക്ഷേ, പൊതുസമൂഹത്തിന്റെ മുന്നിലെത്തുമ്പോൾ ഞങ്ങൾ ഇതൊന്നും ചെയ്യാത്തവരാണ് എന്നും ഇത്തരം കാര്യങ്ങൾക്കെല്ലാം എതിരാണ് എന്നും തോന്നിപ്പിക്കും വിധത്തിലാണ് പെരുമാറാറുള്ളത്. സ്വന്തം മതത്തെ കുറിച്ചും അതിലെ വിശ്വാസപ്രമാണങ്ങളെ കുറിച്ചും ആത്മവിശ്വാസം ഇല്ലാത്തവരാണ് ഇങ്ങനെ പെരുമാറുന്നത്. എനിക്കങ്ങിനെ പറ്റില്ല, ഞാൻ ആദ്യമായും അവസാനമായും ഒരു മുസ്ലിമാണ്. സുന്നിയാണ്.

പ്രവാചകരുടെയും അവിടുത്തെ അനുചരന്മാരുടെയും ജീവിതാധ്യാപനങ്ങളാണ് ഒരു മുസ്ലിമിന്റെ ജീവിതത്തെ നയിക്കേണ്ടത്. പൊതുസമൂഹം അത്തരം കാര്യങ്ങളെക്കുറിച്ച് എന്തുപറയും എന്നാലോചിച്ചു അക്കാര്യങ്ങൾ പറയാതിരിക്കൽ ഭീരുക്കളുടെ സ്വഭാവമാണ്. ഒരു മുസ്ലിമിന്റെ വിശ്വാസജീവിതത്തെക്കുറിച്ച് ഇസ്ലാം എന്തു പറയുന്നു എന്നതാണ് ഞങ്ങളുടെ ഒരേയൊരു പരിഗണന. മറ്റെന്തെങ്കിലും ബൗദ്ധിക താല്പര്യം ആ വിശ്വാസത്തെ നയിക്കുന്നതിനെ ഞങ്ങൾ പേടിക്കുന്നു.

സുന്നികളുടെ നിലപാട് ഇസ്ലാമിനെ അപഹസിക്കുന്നു എന്ന് പറഞ്ഞു ഇസ്ലാമിന്റെ രക്ഷാകർതൃത്വം സ്വയം ഏറ്റെടുക്കുന്നവർ, ഇതേ മാനദണ്ഡം വിശ്വാസപരമായ എല്ലാ കാര്യങ്ങളിലും ഉപയോഗിക്കുകയാണെങ്കിൽ ഇസ്ലാം തന്നെ അപഹാസ്യമായ മതമാണെന്നു പറയേണ്ടി വരും. അതിനവർ തയ്യാറാകുമോ?

ശാസ്ത്രവും വിശ്വാസവും

അപ്പോൾ ഇസ്ലാമും യുക്തിബോധവും വിപരീത ദിശയിലുള്ള ആശയധാരകളാണ് എന്നാണോ പറഞ്ഞു വരുന്നത്?

ഭൗതികലോകത്ത് ചെയ്ത നന്മ തിന്മകളുടെ അടിസ്ഥാനത്തിൽ മരണാനന്തരം ഖബറുകളിൽ അല്ലാഹുവിന്റെ മലക്കുകൾ എത്തുമെന്നും ഓരോരുത്തരെയും ചോദ്യം ചെയ്യുമെന്നും അവിടെ ശിക്ഷയും രക്ഷയും ഉണ്ട് എന്നുമാണ് മുസ്ലിംകളുടെ വിശ്വാസം. മലക്കുകൾ നമ്മളെ സദാസമയവും നിരീക്ഷിക്കുന്നുണ്ട് എന്നും നമ്മൾ ചെയ്യുന്ന ഓരോ കാര്യങ്ങളും സംസാരിക്കുന്ന ഓരോ വാക്കുകളും മലക്കുകൾ രേഖപ്പെടുത്തിവെക്കും എന്നുമാണ് ഇസ്ലാമിന്റെ വിശ്വാസം. പല കാര്യങ്ങളിലും ഞങ്ങൾക്കെതിരെ അന്ധവിശ്വാസവും ആധുനിക-പ്രബുദ്ധ സമൂഹത്തിനു മുന്നിൽ പരിഹാസ്യരാകുന്നു എന്നും പറയുന്നവർ, ഈ വിശ്വാസങ്ങൾ ശാസ്ത്രീയമാണോ എന്ന് പറയണം. ശാസ്ത്രമോ ആധുനികസമൂഹത്തിന്റെ ബൗദ്ധിക നിലവാരമോ അല്ല മതം എന്ന നിലയിൽ ഇസ്ലാമിക വിശ്വാസത്തിന്റെ ശരിതെറ്റുകൾ നിർണയിക്കുന്ന മാനദണ്ഡം. ഞങ്ങൾക്കെതിരെ ആത്മീയ ചൂഷണവും അന്ധവിശ്വാസവും ആരോപിക്കാൻ സയൻസിനെ കൂട്ടുപിടിക്കുന്നവർ, എല്ലാ കാര്യങ്ങളിലും ഈ മാനദണ്ഡം ഉപയോഗിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശാസ്ത്രവും സാങ്കേതികവിദ്യകളും നൽകിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ മുസ്ലിങ്ങൾ ഒട്ടും പിന്നിലല്ല. ഇങ്ങനെയുള്ളവർ ഈ സൗകര്യങ്ങൾ സാധ്യമാക്കിയ ചിന്താപദ്ധതികളെ തള്ളിപ്പറയുന്നതിൽ ഒരു വൈരുദ്ധ്യവുമില്ലേ?

ഒരു സൗകര്യം ഉപയോഗിക്കുന്നതും അതിനെ ഒരു വിശ്വാസമായി കൊണ്ടു നടക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. മാത്രവുമല്ല, പിന്നീടെപ്പോഴെങ്കിലും തെറ്റാണെന്ന് തെളിയിക്കപ്പെടാനിരിക്കുന്നതോ കൂടുതൽ ശരിയായ മറ്റൊന്ന് കണ്ടെത്താനുള്ളതോ ആണ് നിലവിലുള്ള ശാസ്ത്രീയമായ പല കണ്ടുപിടുത്തങ്ങൾ എന്നാണ് നമ്മുടെ അനുഭവം. പ്രകാശമാണ് ഏറ്റവും വേഗത്തിൽ സഞ്ചരിക്കുന്നത് എന്നത് താൽക്കാലികമായ ഒരു ശരിയാണ്. അതിലും വേഗത്തിലുള്ള മറ്റൊന്ന് കണ്ടെത്താനുള്ള സാധ്യത ശാസ്ത്രത്തിൽ ഉണ്ട്. അപ്പോൾ അങ്ങനെയൊന്നിനെ വിശ്വാസത്തിന്റെ ശരിതെറ്റുകൾ നിശ്ചയിക്കുന്നതിന്റെ അളവ് കോലായി ഉപയോഗിക്കുന്നതാണ് യഥാർത്ഥത്തിലുള്ള വൈരുദ്ധ്യം.

ഇസ്ലാമിനെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും കുരുക്കിയിടുകയാണ് സുന്നികൾ, ഇതിന്റെ തുടർച്ച എന്നോണമാണ് പ്രവാചകന്റെ ഭൗതിക ദേഹത്തോടും മുടിപോലുള്ള അവശിഷ്ടങ്ങളോടും സുന്നികൾ പുലർത്തുന്ന ആരാധനപരമായ ബഹുമാനം. യഥാർത്ഥത്തിൽ പിണറായി പറഞ്ഞത് പോലെ, പ്രവാചകന്റെ അധ്യാപനങ്ങൾക്കല്ലേ പ്രാമുഖ്യം നൽകേണ്ടത്?

ആരാധന, പ്രതിഷ്ഠ തുടങ്ങിയ പ്രയോഗങ്ങൾ ഞങ്ങളുടേതല്ല, ഞങ്ങൾക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നവർ അവർക്ക് എളുപ്പത്തിൽ മറുപടി പറയാൻ സുന്നികളുടെമേൽ ആരോപിക്കുന്ന പദപ്രയോഗങ്ങളാണ്. ഒരു പ്രവാചകനെയും ആരാധിക്കുകയോ അവരുടെ തിരുശേഷിപ്പുകളെ എവിടെയെങ്കിലും പ്രതിഷ്ഠിക്കുകയോ സുന്നികളുടെ രീതിയല്ല. അല്ലാഹു അല്ലാത്ത മറ്റെന്തിനെയെങ്കിലും പങ്കുചേർത്തു പോകുന്നതിനെ തൊട്ട് സദാസമയവും അല്ലാഹുവോട് കാവൽ ചോദിക്കുന്നവരാണ് ഞങ്ങൾ. പിണറായി പറഞ്ഞത് ശരിയാണ്. പ്രവാചകരുടെ അദ്ധ്യാപനങ്ങൾക്കാണ് സുന്നികൾ പ്രാമുഖ്യം കൊടുക്കേണ്ടതും കൊടുക്കുന്നതും. ഈ തിരുശേഷിപ്പുകളെ ബഹുമാനിക്കണം എന്നും പ്രവാചകൻ പഠിപ്പിച്ചതാണ്. അവസാനത്തെ ഹജ്ജിൽ പ്രവാചകൻ തന്നെയാണ് തന്റെ തല മുണ്ഡനം ചെയ്ത ശേഷം മുടി അനുചരന്മാർക്കിടയിൽ വിതരണം ചെയ്തത്. അത് കൊണ്ടു തന്നെയാണ് സുന്നികൾ അതിനെ ബഹുമാനിക്കുന്നതും അതിൽ പുണ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതും.

അവസാനത്തെ ഹജ്ജിൽ പ്രവാചകൻ നടത്തിയ മനുഷ്യാവകാശ പ്രഖ്യാപനം മാത്രമേ പല പുരോഗമന പ്രസ്ഥാനങ്ങളും പറഞ്ഞു നടക്കാറുള്ളൂ. അവരുടെ ഇക്കാലത്തെ അജണ്ടകളെ നടപ്പിലാക്കാൻ അവർക്ക് അത് സഹായകമാകും എന്നത് കൊണ്ടാണത്. ഇതേ മനുഷ്യാവകാശ പ്രഖ്യാപന വേദിയിൽ വച്ചാണ് പ്രവാചകൻ മുടി വിതരണം ചെയ്തതും. അതവർ മറച്ചു വെക്കുകയാണ്. ഞങ്ങൾക്ക് പ്രവാചകൻ അറഫയിൽ നടത്തിയ ആ പ്രഭാഷണത്തിൽ പറഞ്ഞ കാര്യങ്ങൾ പോലെ തന്നെ പ്രധാനമാണ് ആ മുടികളും.

രാഷ്ട്രീയത്തിലെ വിലപേശലുകൾ

ഡാനിഷ് കാർട്ടൂൺ, സൽമാൻ റുഷ്ദി വിവാദം എന്നിവ എടുത്തു നോക്കുക. പ്രവാചകനെ പ്രകീർത്തിക്കുന്നതിലേ മുസ്ലിങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ളൂ എന്നു തോന്നുന്നു. പ്രവാചകൻ വിമർശിക്കപ്പെടുമ്പോൾ സമുദായം ഒറ്റക്കെട്ടാണല്ലോ?

പ്രവാചകൻ ഒരു സാധാരണക്കാരനാണ് എന്ന് വിശ്വസിക്കുന്നതിന് ആർക്കും അവകാശമുണ്ട്. ആ അവകാശത്തെ ഞങ്ങൾ എതിർക്കുന്നില്ല. പക്ഷേ, അത്തരം അളുകൾ തന്നെ പ്രവാചകർക്കെതിരെയുള്ള വിമർശനങ്ങളെ അസാധാരണമാംവിധം കൈകാര്യം ചെയ്യുന്നത് എന്തുകൊണ്ടാണ്? പ്രവാചകരെ അപകീർത്തിപ്പെടുത്തുന്ന ചോദ്യം ചോദിച്ച ഒരധ്യാപകന്റെ കൈപ്പത്തി വെട്ടിമാറ്റാൻ പ്രവാചകൻ സാധാരണക്കാരനാണ് എന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ് മുന്നിട്ടിറങ്ങിയത്. പ്രവാചകനെ വിമർശിക്കുമ്പോൾ അസാധാരണക്കാരനാണ് എന്ന് പറഞ്ഞു സാമുദായികവികാരം സൃഷ്ടിക്കുന്നതിൽ ഈ വഹാബികളും ജമാഅത്തുകാരും ഒട്ടും പിറകിലല്ല. പ്രവാചകരെ അവമതീകരിക്കാനുള്ള ശ്രമങ്ങളുണ്ടാകുമ്പോൾ അതിനെ ലേഖനത്തിന്റെ രൂപത്തിലും പുസ്തകങ്ങളുടെ രൂപത്തിലും പ്രസംഗങ്ങളുടെ രൂപത്തിലും സമ്മേളനങ്ങളുടെ രൂപത്തിലും വിറ്റു കാശാക്കുന്നതിലും ഇവർ പിന്നിലല്ല.

സൽമാൻ റുഷ്ദിയോടുള്ള ഇവരുടെ നിലപാട് എന്താണ്? പ്രവാചകൻ സാധാരണ മനുഷ്യനായിരുന്നുവെങ്കിൽ ആ എഴുത്തുകാരനെ ഇവർ എന്തിനാണ് ഇവ്വിധം വേട്ടയാടുന്നത്? അപ്പോൾ പ്രവാചകൻ ഒരു സാധാരണ മനുഷ്യനല്ല എന്ന് അവരും എവിടെയൊക്കെയോ സമ്മതിക്കുന്നില്ലേ? അതല്ലെങ്കിൽ ഇവർ കള്ളത്തരം കളിക്കുകയാണ് എന്നുവേണം കരുതാൻ. നബിയെ സ്തുതിക്കുമ്പോഴും അവമതിക്കാനുള്ള ശ്രമങ്ങളെ നേരിടുമ്പോഴും ഞങ്ങളുടെ വികാരം അന്യപ്രവാചകനോടുള്ള ഒരു വിശ്വാസിയുടെ സ്നേഹം ഒന്നു മാത്രമാണ്. അതിൽനിന്നും ബൗദ്ധികലോകത്തു എന്തെങ്കിലും ലാഭമുണ്ടാക്കിക്കളയാം എന്നത് ഞങ്ങളുടെ ആലോചനാ വിഷയമേ അല്ല.

സയ്യിദ് വംശജർ പ്രവാചകരുടെ കുടുംബപരമ്പരയിൽ പെട്ടവരാണ് എന്നാണല്ലോ വിശ്വാസം. അവർക്ക് ആ നിലയിൽ മറ്റു മുസ്ലിങ്ങളേക്കാൾ പ്രത്യേകതയോ സ്ഥാനമോ ഉണ്ടോ?

ഒരർത്ഥത്തിൽ പ്രവാചകരുടെ തിരുശേഷിപ്പുകളാണ് സയ്യിദ് കുടുംബം. നമുക്കിടയിൽ അവർ തങ്ങന്മാർ എന്നാണ് പൊതുവിൽ അറിയപ്പെടുന്നത്. അവരെ ബഹുമാനിക്കൽ വിശ്വാസത്തിന്റെ ഭാഗമാണ്. പ്രവാചകരുടെ കുടുംബത്തിന്റെ മേൽ അനുഗ്രഹം ചൊരിയണമേ എന്ന് എല്ലാ നിസ്കാരത്തിലും പ്രാർത്ഥിക്കൽ വിശ്വാസികൾക്ക് നിർബന്ധമാണ്. വഹാബികളും ജമാഅത്തുകാരുമെല്ലാം ഇത് ചെയ്തു പോരുന്നുണ്ട്.

ഈ വിശ്വാസമാണോ അവർക്കെതിരെ വിമർശനങ്ങൾ ഉന്നയിക്കുന്നതിൽ നിന്ന് മുസ്ലിങ്ങളെ തടഞ്ഞു നിർത്തുന്നത്?

സയ്യിദന്മാരെ വിമർശിക്കേണ്ടിവരുമ്പോൾ സൂക്ഷ്മത പുലർത്തണമെന്നാണ് സുന്നികളുടെ വിശ്വാസം. അതുകൊണ്ടാണ് അവർ അരുതാത്തത് ചെയ്യുകയോ പറയുകയോ

ചെയ്യുമ്പോൾ ഞങ്ങൾ ചാടിവീണ് എതിർക്കാത്തത്. അല്ലാതെ അവർ പറയുന്നത് ശരിയായതു കൊണ്ടോ ഞങ്ങൾക്ക് മറുപടി ഇല്ലാത്തതു കൊണ്ടോ അല്ല.

മുസ്ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ സാമൂഹിക പുരോഗതിക്കായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയ വ്യക്തിയാണ് താങ്കൾ. അതൊക്കെ ആളുകൾ മറന്നു എന്നു തോന്നുന്നു. ഒരു മുടിയും കൊണ്ടു നടക്കുന്ന യാഥാസ്ഥിതികൻ എന്ന ചിത്രമാണിപ്പോൾ കാന്തപുരത്തെക്കുറിച്ച് പ്രചരിക്കുന്നത്. കാന്തപുരത്തെ ഇത്രയും സമ്മർദ്ദത്തിലും പ്രതിരോധത്തിലും ആക്കിയ മറ്റൊരു സമയവും ഉണ്ടായിട്ടില്ല എന്ന് തോന്നുന്നു. ഇതൊന്നും വേണ്ടായിരുന്നു എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടാവില്ലേ?

ഒരിക്കലുമില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ പ്രതിച്ഛായയൊന്നും ഞങ്ങളെ ബാധിക്കുന്ന പ്രശ്നമല്ല. ഈ ലോകത്ത് സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നവർക്കല്ലേ അതിനെ കുറിച്ചൊക്കെ വേവലാതിപ്പെടേണ്ടതുള്ളൂ. യാഥാസ്ഥിതികനാണ് എന്ന മുദ്രകുത്തൽ ഒരഭിമാനമായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. അത് കൊണ്ടുതന്നെ ഞങ്ങൾ തുടങ്ങിവച്ച സംരംഭങ്ങളിൽനിന്ന് ഒരടി പോലും പിന്നോട്ട് വെക്കില്ല.

പിണറായി വിജയന് മതകാര്യങ്ങളിൽ എത്രവരെ ഇടപെടാം?

മതകാര്യങ്ങളിൽ രാഷ്ട്രീയക്കാർ ഇടപെടുന്നതിനെ സ്വാഗതം ചെയ്തവരാണ് അതിനു മറുപടി പറയേണ്ടത്. ഇടപെടാൻ അനുവദിക്കുന്നവർ അതിനു പരിധിവച്ച് നിങ്ങൾ ഇത്രവരെ ഇടപെട്ടോളൂ, ഇതിനപ്പുറം ഇടപെടരുത് എന്ന് പറയുന്നതും ശരിയല്ലല്ലോ. ശരീഅത്ത് വിവാദ കാലത്ത് ഇ.എം.എസ്സിനെപ്പോലുള്ളവർ മതകാര്യങ്ങളിൽ അഭിപ്രായം പറഞ്ഞപ്പോൾ അതിനെതിരെ നിലപാടെടുത്തവരാണ് ഇന്ന് രാഷ്ട്രീയക്കാർ മതകാര്യങ്ങളിലിടപെടുന്നതിനെ സ്വാഗതം ചെയ്യുന്നത്. ശരീഅത്ത് വിവാദകാലത്ത് തങ്ങളെടുത്ത നിലപാട് തെറ്റായിരുന്നു എന്ന് തോന്നിയതു കൊണ്ടാണോ ജമാഅത്ത് പോലുള്ള സംഘടനകൾ നിലപാട് മാറ്റിയത് എന്ന് വ്യക്തമാ



പിണറായി വിജയൻ

ക്കേണ്ടതുണ്ട്. മതകാര്യങ്ങളിൽ വിശ്വാസികൾ അല്ലാത്തവർ തീരുമാനങ്ങൾ പറയരുത് എന്നതാണ് ഞങ്ങളുടെ നിലപാട്.

അഭിപ്രായം പറയാമോ?

അഭിപ്രായ സ്വാതന്ത്ര്യം ഉള്ള നാടല്ലേ നമ്മുടേത്.

അപ്പോൾ കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്നതോ?

പൗരന്മാർ എന്ന നിലയിൽ ഇവിടുത്തെ ജനാധിപത്യ സംവിധാനങ്ങളുടെയും തെരഞ്ഞെടുപ്പ് പ്രക്രിയയുടെയും ഭാഗമാണ് സുന്നികളും. വോട്ട് ചെയ്യുന്നവർ തെരഞ്ഞെടുപ്പിനെക്കുറിച്ചും രാഷ്ട്രീയപാർട്ടികളെ കുറിച്ചും ഭരണത്തെക്കുറിച്ചും അഭിപ്രായം പ്രകടിപ്പിക്കുന്നതിൽ എന്താണ് തെറ്റ്. ഞങ്ങൾ വിശ്വാസികളും പൗരന്മാരുമാണ്. അവർ പൗരന്മാർ മാത്രമാണ്.

മതവും രാഷ്ട്രീയവും കൂട്ടിച്ചേരുമ്പോൾ വർഗീയതയുണ്ടാകുമെന്ന താങ്കളുടെ പ്രസ്താവനയോട് വർഗീയത കാട്ടി ഞങ്ങളെ പേടിപ്പിക്കേണ്ട എന്നാണ് പിണറായി പ്രതികരിച്ചത്?

അദ്ദേഹം അങ്ങനെ പ്രതികരിക്കേണ്ടതുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. കാരണം ബി.ജെ.പിയുടെയും മുസ്ലിംലീഗിന്റെയും കാര്യത്തിൽ പിണറായിയും ഏതാണ്ട് ഇതുപോലുള്ള അഭിപ്രായമാണ് പറഞ്ഞു കേട്ടത്. അപ്പോൾ പിന്നെ, ലീഗിന്റേയും ബി.ജെ.പിയുടേയും കാര്യത്തിൽ അദ്ദേഹത്തിനുള്ള നിലപാട് മാറിയോ എന്നാണ് അറിയേണ്ടത്.

സമുദായത്തിലെ തീവ്രവാദസ്വാധീനം

വിശ്വാസികൾക്കിടയിൽ മതസംഘടനകൾ മുഖേന ഇടപെടേണ്ട, നേരിട്ടു തന്നെ ഇടപെടാം എന്നാണ് സി.പി.എമ്മിന്റെ തീരുമാനം. അത് നിങ്ങളുടേത് പോലുള്ള മതസംഘടനകളുടെ വിലപേശൽ ശേഷി കുറയ്ക്കില്ലേ?

രാഷ്ട്രീയ വിലപേശലുകൾ നടത്തുന്നവരല്ല ഞങ്ങൾ. അതുകൊണ്ടു തന്നെ അത്തരം ഇടപെടലുകളെ പേടിക്കുന്നുമില്ല. മതവിശ്വാസികളെ മാറ്റി നിർത്തി ഒരു നിലപാടെടുക്കാൻ ഒരു രാഷ്ട്രീയ പാർട്ടിക്ക് കഴിയും എന്ന് തോന്നുന്നില്ല. പൊതുനിരത്തുകളിലെ പൊതുയോഗങ്ങൾ നിരോധിച്ചപ്പോൾ രാഷ്ട്രീയക്കാർ ആദ്യം ചോദിച്ചത് ആറ്റുകാൽ പൊങ്കാല എങ്ങനെ നടത്തും എന്നാണ്. പാർട്ടി സമ്മേളനം എങ്ങനെ നടത്തും എന്നല്ല. രാഷ്ട്രീയ വിഷയങ്ങളെ മതകീയവത്കരിച്ചാണ് പല രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ കാര്യങ്ങൾ സാധിച്ചെടുക്കുന്നത്.

തിരുകേശവുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് മറയിടാനാണോ കേരളയാത്ര?

ഞാൻ പറഞ്ഞല്ലോ, ഞങ്ങൾക്ക് ഞങ്ങളുടെ നിലപാടുകൾ മറച്ചുവെക്കേണ്ട യാതൊരാവശ്യവുമില്ല. കേരളയാത്രയുടെ സാഹചര്യം മറ്റൊന്നാണ്. രാഷ്ട്രീയ സംഘർഷങ്ങൾ രൂക്ഷമായ സമയത്താണ് ഒന്നാം കേരളയാത്ര നടത്തിയത്. പാനൂരിലൊക്കെ ആ യാത്രക്ക് വമ്പിച്ച സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ തുടർച്ചയാണ് ഈ യാത്രയും. ഞങ്ങളെ പോലുള്ളവരെ നയിക്കുന്ന നീതിബോധത്തിന് എതിരായ കാര്യങ്ങളാണ് ഇപ്പോൾ പലയിടത്തും നടക്കുന്നത്. അത്തരം കാര്യങ്ങളിൽ രാഷ്ട്രീയക്കാരോടൊപ്പം സാമൂഹ്യ പ്രവർത്തകരും മത നേതാക്കളും ഇടപെടണമെന്നാണ് എന്റെ അഭിപ്രായം. കേരളയാത്ര അത്തരത്തിൽ മതത്തിന്റെ ഭാഗത്തുനിന്ന് പ്രശ്നങ്ങളെ നോക്കിക്കണ്ട് അതേപ്പറ്റിയെല്ലാം ബോധവത്കരിക്കാനും പരിഹാരമാർഗങ്ങൾ കണ്ടെത്തി പുതിയൊരു ജീവിത രീതി രൂപപ്പെ

ടുത്തിയെടുക്കാനുമുള്ള ശ്രമമാണ്. ഏതെങ്കിലും ഒരു വിഭാഗം മാത്രം വിചാരിച്ചാൽ സാധിക്കുന്ന കാര്യമല്ലിത്.

സുന്നികൾ രാഷ്ട്രീയത്തിൽ ഇടപെടുമെന്ന് താങ്കൾ പറഞ്ഞതായി വാർത്തകൾ ഉണ്ടായിരുന്നു. അതിനു മുന്നോടിയായിട്ടാണോ ഈ കേരളയാത്ര?

രാഷ്ട്രീയമായി ഇടപെടും എന്നതിന് രാഷ്ട്രീയകക്ഷി ഉണ്ടാക്കും എന്ന് അർത്ഥം വെക്കേണ്ടതില്ല. ഞങ്ങളുടെ പ്രവർത്തകരെയൊക്കെ രാഷ്ട്രീയമായി ശാക്തീകരിക്കാനുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തുന്നുണ്ട്. പ്രധാനപ്പെട്ട രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക വിഷയങ്ങളെക്കുറിച്ച് ഞങ്ങളുടെ പ്രവർത്തകർക്ക് അവബോധം നൽകുന്ന സംഘടനാ സ്കൂളുകൾ ഇപ്പോൾ സജീവമായി നടക്കുന്നുണ്ട്. ഓരോ വിഷയത്തെയും ആഴത്തിൽ വിശകലനം ചെയ്തു അതിന്റെ ചരിത്രമൊക്കെ പഠിപ്പിച്ച് ഞങ്ങളുടെ സംഘടനാ നിലപാട് എന്താണെന്നു വ്യക്തമാക്കിക്കൊടുക്കാനുള്ള ഉദ്ദേശ്യത്തിലാണ് ഈ സംഘടനാ സ്കൂൾ പ്രവർത്തിക്കുന്നത്. ഞങ്ങളുടെയും ഞങ്ങളുടെ പ്രവർത്തകരുടെയും രാഷ്ട്രീയ നയനിലപാടുകളിലും അതിനെ അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പുകളിലും ഈ രാഷ്ട്രീയ അവബോധത്തിന് കാര്യമായ സ്വാധീനം ഉണ്ടാകും.

സമീപകാലത്ത് മുസ്ലിങ്ങളെ അഭിമുഖീകരിച്ചു താങ്കൾ നടത്തിയ പ്രസംഗങ്ങളിലും പ്രസ്താവനകളിലുമെല്ലാം തീവ്രവാദവും ഭീകരവാദവുമാണ് മുഖ്യ വിഷയം. ഇതെന്തുകൊണ്ടാണ്? മറ്റു മത സമൂഹങ്ങളെ അപേക്ഷിച്ച് തീവ്രവാദികളാകാനുള്ള പ്രവണത മുസ്ലിങ്ങൾക്കിടയിൽ കൂടുതലുണ്ടോ?

അങ്ങനെയൊരു തെറ്റായ പ്രചാരണം പലയിടങ്ങളിലും നടക്കുന്നുണ്ട്. വിശ്വാസികൾ എന്ന നിലയിൽ മുസ്ലിങ്ങൾ പണ്ട് മുതലേ അക്രമാസക്തമായ സ്വഭാവം പുലർത്തുന്നവരായിരുന്നുവെന്നു സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഇന്ന് പലയിടത്തും നടക്കുന്നുണ്ട്. മലബാർ കലാപകാലത്ത് മാപ്പിളമാരെ കുറിച്ച് ഗാന്ധി തന്നെ ഇങ്ങനെയൊരർത്ഥം വരുന്ന അഭിപ്രായം പറഞ്ഞതായി കേട്ടിട്ടുണ്ട്. അതൊരു തെറ്റായ പ്രചാരണമാണ്. മറ്റു മതങ്ങളിൽനിന്നും വന്നവരാണ് ഇവിടുത്തെ മുസ്ലിങ്ങൾ. ലോകത്ത് എല്ലായിടത്തും അങ്ങനെതന്നെ. അപ്പോൾ പിന്നെ ഇങ്ങനെയൊരു ആരോപണം ശരിയാവില്ലല്ലോ. ഈ രാജ്യത്തോടും ഇവിടുത്തെ നിയമങ്ങളോടും മറ്റാരെക്കാളും പ്രതിബദ്ധതയും ആത്മാർത്ഥതയും ഉണ്ടാവേണ്ടവരാണ് മുസ്ലിങ്ങൾ. കാരണം, മാതൃരാജ്യത്തോടുള്ള സ്നേഹം മുസ്ലിങ്ങൾക്ക് വിശ്വാസത്തിന്റെ ഭാഗമാണ്. ഈമാനിന്റെ (വിശ്വാസം) ഈ ഭാഗത്തെക്കുറിച്ചു മുസ്ലിംകളെ ഓർമിപ്പിക്കൽ പണ്ഡിതന്മാരുടെ ബാധ്യതയാണല്ലോ? ആ നിലക്കാണ് എന്റെ പ്രസംഗങ്ങൾ. മാത്രവുമല്ല മുസ്ലിങ്ങൾക്കിടയിലെ ഏതാനും വ്യക്തികൾ ചെയ്യുന്ന പലകാര്യങ്ങളുടെയും ഉത്തരവാദിത്വം സമുദായത്തിന്റെ മേൽ കെട്ടിവെക്കാനാണ് ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും തെറ്റായ പ്രവർത്തികൾ കാരണം സമുദായം തന്നെ പ്രതിക്കൂട്ടിലാക്കുന്ന അവസ്ഥ ഉണ്ടാവരുതല്ലോ?

ഇക്കാര്യത്തിൽ സമുദായത്തിന് പുറത്തുള്ളവരെ കുറ്റപ്പെടുത്തുന്നത് പൂർണമായും ശരിയാണോ? മുസ്ലിങ്ങൾക്കിടയിലുള്ള പല നേതാക്കളും അവർക്കെതിരെയുണ്ടാകുന്ന ആരോപണങ്ങളെ സമുദായത്തിനെതിരെയുള്ള ആരോപണങ്ങളായി എടുത്തുകാണിച്ചാണ് രക്ഷപ്പെടാൻ ശ്രമിക്കാറുള്ളത്.

വ്യക്തികളെ വ്യക്തികളായും സമുദായത്തെ സമുദായമായും കാണണം. വ്യക്തികൾ രക്ഷപ്പെടാനുള്ള മറയായി ഇസ്ലാമിനെ ഉപയോഗിക്കുന്നത് തെറ്റാണ്. അത് ഇസ്ലാമിനെ സ്വന്തം ആവശ്യത്തിനുവേണ്ടി ദുരുപയോഗം ചെയ്യലാണ്.

ആഗോളവത്കരണം പാവങ്ങൾക്കെതിര്

മുസ്ലിങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രമാണ് താങ്കൾ പ്രധാനമായും ഇടപെടാറുള്ളത്. മുസ്ലിങ്ങൾ അല്ലാത്തവരാണ് ഇവിടെയുള്ളവരിലേറെയും. ഇവരെയൊക്കെ പൊതുവിൽ ബാധിക്കുന്ന പ്രശ്നങ്ങളിൽ താങ്കൾ എന്തുകൊണ്ടാണ് ഇടപെടാത്തത്? ഇതൊരുതരം സ്വാർത്ഥമായ നിലപാടല്ലേ?

മുസ്ലിങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന സുന്നികൾക്ക് നേതൃത്വം നൽകുന്ന സംഘടനയുടെ ഭാരവാഹിയാണ് ഞാൻ. ആ നിലക്ക് സുന്നികളുടെ ആവശ്യങ്ങൾ ഉന്നയിക്കുകയും അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യലാണ് എന്റെ പ്രധാന ചുമതല. പിന്നെ സുന്നികളും ഇവിടുത്തെ സമൂഹത്തിന്റെ ഭാഗമാണ്. അവർക്ക് വളർച്ചയും പുരോഗതിയും ഉണ്ടായാൽ അതിന്റെ ഗുണം ഇവിടുത്തെ മറ്റു സമുദായക്കാർക്കും കിട്ടും. തിരിച്ചും അങ്ങനെത്തന്നെ. മാത്രവുമല്ല ഞങ്ങളുടെ പല പദ്ധതികളുടെയും ആവശ്യങ്ങളുടെയും ഗുണഭോക്താക്കൾ മുസ്ലിങ്ങൾ മാത്രമല്ല. ഇപ്പോൾ നടക്കുന്ന കേരളയാത്ര തന്നെ മുസ്ലിങ്ങളെ മാത്രം ലക്ഷ്യമാക്കിയല്ല. എല്ലാ മലയാളികൾക്കും വേണ്ടിയാണ്.

മതപരമായ നിലപാടുകൾ, സംവരണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു കിട്ടൽ, ഹജ്ജ്-വഖഫ് ബോർഡു പ്രാതിനിധ്യം എന്നിങ്ങനെയുള്ള കാര്യങ്ങളിലൊക്കെ താങ്കൾ ശക്തമായ നിലപാടുകളെടുക്കുകയും സർക്കാരുകളെ വിമർശിക്കാറുമുണ്ട്. പക്ഷേ, ഗവൺമെന്റിന്റെ പൊതുനയ നിലപാടുകളോട് താങ്കൾ ഒരിക്കലും പ്രതികരിച്ചു കണ്ടിട്ടില്ല. നമ്മുടെയൊക്കെ ജീവിതത്തെ അപ്പാടെ മാറ്റിമറിച്ച സാമ്പത്തിക പരിഷ്കാരങ്ങൾ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നു. മുസ്ലിങ്ങൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളാണ് ഈ പരിഷ്കാരങ്ങളുടെയൊക്കെ പ്രധാനപ്പെട്ട ഇരകൾ. എന്നിട്ടും അത്തരം സാമ്പത്തിക നയങ്ങളൊന്നും താങ്കൾ എതിർക്കാറില്ലല്ലോ? അതോ ഈ പരിഷ്കാരങ്ങളൊക്കെ മുസ്ലിങ്ങൾക്ക് നല്ലതാണ് എന്നാണോ താങ്കൾ കരുതുന്നത്?

ആഗോളവത്കരണത്തെയും സാമ്പത്തിക നയങ്ങളെയും കുറിച്ച് പറയുമ്പോൾ ശരി, തെറ്റ് എന്നിങ്ങനെ ഒറ്റവാക്കിൽ ഒതുക്കിപ്പറയാനാകില്ല. സാഹചര്യവും സന്ദർഭവും അനുസരിച്ചാണ് അതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തേണ്ടത്.

കേരളത്തിലെ മുസ്ലിങ്ങളുടെ



അറബ് വസന്തത്തിന്റെ ഭാഗമായി ടുണീഷ്യയിൽ നടന്ന പ്രകടനം

പ്രധാന വരുമാന മാർഗങ്ങളിലൊന്ന് ഗൾഫ് മേഖലയിലെ തൊഴിൽ സാധ്യതകളാണ്. അറേബ്യൻ രാജ്യങ്ങളിൽ നടന്ന സാമ്പത്തിക പരിഷ്കാരങ്ങളിൽ നിന്നും ഇവിടുത്തെ മുസ്ലിങ്ങൾക്ക് വൻ നേട്ടങ്ങളുണ്ടായിട്ടുണ്ട്. നാമിന്ന് പറഞ്ഞു കേൾക്കാറുള്ള മുസ്ലിം വ്യാപാര പ്രമുഖരൊക്കെ ഈ മാറ്റത്തിന്റെ ഗുണം അനുഭവിച്ചവരാണ്. മുസ്ലിങ്ങൾക്കിടയിൽ കഴിഞ്ഞ പത്തിരുപത് വർഷത്തിനിടയിലുണ്ടായ വിദ്യാഭ്യാസ പുരോഗതിയെയും ഇങ്ങനെയേ വിലയിരുത്താനാകൂ.

അതേസമയം, മറ്റു സമുദായങ്ങളിലേതുപോലെ മുസ്ലിങ്ങളിലെയും പാവപ്പെട്ടയാളുകൾക്ക് ഈ പരിഷ്കാരങ്ങളുടെയൊന്നും ഗുണം കിട്ടിയിട്ടില്ലെന്നു മാത്രമല്ല, പലപ്പോഴും അവർ കൂടുതൽ പിന്നാക്കം പോകുന്ന അവസ്ഥയാണുള്ളത്. ഇത്തരം ആളുകളെ മുഖ്യധാരയിലെത്തിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

അന്തർദേശീയ തലത്തിൽ നടക്കുന്ന പല രാഷ്ട്രീയ മാറ്റങ്ങളും കേരളത്തിലെ മുസ്ലിങ്ങൾക്കിടയിൽ ഏറ്റവും എളുപ്പത്തിലും വേഗത്തിലും അനുരണനങ്ങൾ ഉണ്ടാക്കാറുണ്ട്. ഇങ്ങനെ ഒരാഗോളഉമ്മത്തിന്റെ ഭാഗമാകാനുള്ള പ്രവണത കേരളത്തിലെ മുസ്ലിങ്ങൾക്ക് ഗുണകരമാണോ? അതോ പ്രാദേശികമായ മാപ്പിള സ്വത്വമാണോ കേരളീയ മുസ്ലിങ്ങൾക്ക് കൂടുതൽ ഉപകാരപ്പെടുക?

മറ്റു പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ മുസ്ലിങ്ങൾ പൊതുവേ അറിയപ്പെടുന്നത് മാപ്പിളമാർ എന്നാണ്. ഈ മാപ്പിള കേരളത്തിന്റെ സംഭാവനയാണ്. ഒട്ടനവധി മതജാതികൾക്കിടയിലുള്ള പരസ്പര ആശയവിനിമയത്തിലൂടെയും കൊടുക്കൽ വാങ്ങലുകളിലൂടെയുമാണ് ആ സംസ്കാരം രൂപപ്പെട്ടത്. മുസ്ലിങ്ങളുടെ മാത്രം സൃഷ്ടിയല്ല അത്. ആ സംസ്കാരമാണ് ഇസ്ലാമിന് കേരളത്തിൽ സ്വീകാര്യത നൽകിയത്. ആ നിലയ്ക്ക് സാംസ്കാരികമായി മാപ്പിള ആയിരിക്കുന്നതാണ് കൂടുതൽ നല്ലത്.

ഇ-മെയിൽ ചോർത്തലും അറബ്വസന്തവും

ഈയടുത്ത് ഏറെ വിവാദങ്ങൾ ഉണ്ടാക്കിയ ഒന്നാണല്ലോ മുസ്ലിങ്ങളുടെ ഇ-മെയിൽ ചോർത്തുന്നു എന്ന വാർത്ത. പല സാമൂഹ്യപ്രവർത്തകരും ഈ വിഷയത്തിൽ ശക്തമായി ഇടപെടുകയും സർക്കാരിന്റെ നീക്കങ്ങളെ വിമർശിക്കുകയുമുണ്ടായി. അപ്പോഴും താങ്കൾ ഉൾപ്പെടെയുള്ള മത നേതൃത്വം ഈ വിഷയത്തിൽ മൗനം പാലിക്കുകയായിരുന്നല്ലോ?

രാജ്യത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വിവരങ്ങൾ ചോർത്തുക എന്നത് പണ്ട് മുതലേ നിലവിലുള്ള ഒരേർപ്പാടാണ്. രാജ്യത്തിന്റെ പലയിടങ്ങളിലും അക്രമങ്ങൾ നടക്കുമ്പോൾ ഇന്റലിജൻസ് ഏജൻസികൾ ശത്രുക്കളുടെ നീക്കങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു എന്ന് നമ്മൾ തന്നെ കുറ്റപ്പെടുത്താറില്ലേ? അതിനർഥം പല കാര്യങ്ങളും ചോർത്താൻ നമ്മൾ തന്നെ സർക്കാറിന് സമ്മതം നൽകുന്നു എന്നാണല്ലോ? മാത്രവുമല്ല, ഈയടുത്ത് അമേരിക്കൻ വിദേശ എംബസികളുടെ ഇ-മെയ്ലുകൾ ചോർത്തപ്പെടുകയുണ്ടായി. നമ്മുടെ മാധ്യമങ്ങളും രാഷ്ട്രീയക്കാരുമല്ലാം അതിനെ പിന്തുണക്കുകയും ആഘോഷിക്കുകയും ചെയ്തു. അപ്പോൾ അമേരിക്കയുടെ ഇ-മെയിൽ ചോർത്താം എന്നാണോ ഇതിനർഥം? ഒരു കൂട്ടരുടെ വിവരങ്ങൾ ചോർത്താം മറ്റുള്ളവരുടേത് പാടില്ലെന്ന നിലപാട് ഇരട്ടത്താപ്പാണ്. ഇവിടെ ഇ-മെയിൽ ചോർത്തൽ സംബന്ധിച്ച് വന്ന വാർത്തയോടും ആ വാർത്തയോട് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടിനോടും ഞങ്ങൾക്ക് വിയോജിപ്പുണ്ട്.

അവസാനമായി, അറേബ്യൻ രാജ്യങ്ങളിൽ നടക്കുന്ന രാഷ്ട്രീയ മാറ്റങ്ങൾ മുസ്ലിം സമൂഹങ്ങളെ കുറിച്ചുള്ള പല ധാരണങ്ങളും മാറാൻ കാരണമായിട്ടുണ്ട്. ഇന്ത്യയിൽ ജമാഅത്തെ ഇസ്ലാമി പോലുള്ള സംഘടനകളാണ് ഈ രാഷ്ട്രീയ മാറ്റത്തെ ഏറ്റവുമധികം ആഘോഷിച്ചത്. ഈ രാജ്യങ്ങളിലൊക്കെ അവിടുത്തെ സർക്കാരുകളുടെ അതിഥിയായും അല്ലാതെയും നിരന്തരം സന്ദർശിക്കാറുള്ള വ്യക്തി എന്ന നിലയിൽ എങ്ങിനെയാണ് 'അറബ് വസന്തം' എന്നറിയപ്പെടുന്ന ഈ മാറ്റത്തെ താങ്കൾ വിലയിരുത്തുന്നത്?

വസന്തം എന്നത് സ്ഥിരമായ ഒരു വസ്ഥയല്ലല്ലോ? വിരുന്നു വന്നു പോകുന്ന ഒരു കാലമാണ് അത്. മാത്രവുമല്ല, വസന്തം തന്നെ എല്ലാവർക്കും ഒരുപോലെ സന്തോഷം നല്കുന്നതായിക്കൊള്ളണമെന്നില്ലല്ലോ?

അറബ് വസന്തം എവിടെയെത്തുമെന്ന് കാത്തിരുന്ന് കാണേണ്ട കാര്യമാണ്. ടുണീഷ്യയിലെ ജനാധിപത്യവാദികൾ പല സൂഫി ദർഗകളും തകർത്തു എന്ന വാർത്ത ഞാൻ കഴിഞ്ഞ ദിവസം വായിച്ചു. ജനാധിപത്യത്തെയും മതത്തേയും മതേതരത്വത്തേയുമൊക്കെ ഈ പുതിയ ഭരണക്കാർ എങ്ങനെയാണ് കൈകാര്യം ചെയ്യുക എന്നത് ഇനിയും അറിയാനിരിക്കുന്നേയുള്ളൂ. പലയിടത്തും ആശയവ്യക്തതയില്ലാത്ത ആൾക്കൂട്ടത്തിന്റെ ആവേശം മാത്രമായി പോകുന്നില്ലേ ഈ സമരങ്ങൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.■